"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-തൃശ്ശൂർ സർക്കിളിനു കീഴിലെ ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ച്- 1955, 1956 തേക്കു തോട്ടത്തിൽ 23.07.1986-ൽ നടന്ന തേക്കുകഴകളുടെ പുനർലേലം- സർക്കാർ നഷ്ടം എഴുതിത്തള്ളി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.223/2022/F&WLD തീയതി,തിരുവനന്തപുരം, 17-05-2022

---

പരാമർശം:- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്), കോഴിക്കോട് -ന്റെ 06.01.2016,27.05.2016,29.11.2018,05.11.2020,25.08.2021 എന്നീ തീയ്യതികളിലെ ബി1-4125/15 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

തൃശ്ശൂർ സർക്കിളിനു കീഴിലെ ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ചിലെ 1955, 1956 മുള്ളപ്പന തേക്ക് തോട്ടത്തിലെ 23.07.1986-ൽ നടന്ന തേക്കുകഴകളുടെ ലേലത്തിൽ ശ്രീ.എ.കെ.മജീദ്, ആറ്റുപുറത്ത് ഹൗസ്, ഉടമ്പന്നൂർ.പി.ഒ. എന്നയാൾ പങ്കെടുത്ത് ലേലം കൈക്കൊള്ളുകയും ചെയ്തെങ്കിലും നിശ്ചിത സമയത്തിനുള്ളിൽ ലേലത്തുകയും നികുതികളും അടയ്ക്കാത്തതിനാൽ മേൽ കഴകൾ പുനർ ലേലം ചെയ്ത വകയിൽ 1,06,497.45/-രൂപയുടെ നഷ്ടം സംഭവിച്ചതായും സർക്കാരിന് സംഭവിച്ച നഷ്ടം, വീഴ്ച വരുത്തിയ ലേലക്കാരനിൽ നിന്നും ഈടാക്കുവാൻ ടിയാന്റെ പേരിൽ സ്വത്തുക്കളോ മറ്റ് വസ്തു വകകളോ ഇല്ലായെന്ന് സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാരും റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മേൽ നഷ്ടമായ 1,06,497.45/-രൂപ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് റീജിയണൽ നോർത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പരാമർശത്തിലെ കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ സർക്കിളിനു കീഴിലെ ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ചിലെ 1955, 1956 മുളപ്പന തേക്ക് തോട്ടത്തിൽ 23.07.1986-ൽ നടന്ന തേക്കുകഴകളുടെ ലേലത്തിൽ ലേലം കൈക്കൊണ്ട ശ്രീ.എ.കെ.മജീദ്, ആറ്റുപുറത്ത് ഹൗസ്, ഉടമ്പന്നൂർ.പി.ഒ. എന്നയാൾ നിശ്ചിത സമയത്തിനുള്ളിൽ ലേലത്തുകയും

നികുതികളും അടയ്ക്കാത്തതിനാൽ ടി തേക്കുകഴകൾ പുനർ ലേലം ചെയ്ത വകയിൽ സർക്കാരിനുണ്ടായ 1,06,497.45/-രൂപയുടെ നഷ്ടം, ലേലം കൊണ്ട കക്ഷിയിൽ നിന്നും ഈടാക്കുന്നതിന് മറ്റ് മാർഗ്ഗങ്ങളൊന്നും ഇല്ലാത്തതിനാലും, കുടിശ്ശിക കക്ഷിക്കെതിരെ 65-ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ചാലും തുക പിരിച്ചെടുക്കുവാനുള്ള സാധ്യതയില്ലാത്തതിനാലും, ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ചിലെ 1955, 1956 മുളപ്പന തേക്ക് തോട്ടത്തിൽ 23.07.1986-ൽ തേക്കുകഴകൾ പുനർ ലേലം ചെയ്ത വകയിൽ സർക്കാരിനുണ്ടായ 1,06,497.45/- രൂപയുടെ (ഒരു ലക്ഷത്തി ആറായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ നാല്പത്തി അഞ്ച് പൈസമാത്രം) നഷ്ടം എഴുതി തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയറാംകുമാർ ആർ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (E 178115 Agri-C2/25/2016-Fin പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Ravindran C
Date: 17-05-2022 16:12:11
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിന്/ ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് /വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്.